2023
SEPTEMBER
29
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
വയനാടൻ ഉൽപന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## എം.എസ്. സ്വാമിനാഥൻ അന്തരിച്ചു



**ചെന്നൈ:** രാജ്യത്തിന്റെ സ്വപ്നങ്ങൾക്ക് ഹരിത നിറം പകർന്ന് കാർഷിക സ്വയംപര്യാപ്തതയിലേക്കു നയിച്ച പ്രതിഭയും ഇന്ത്യൻ ഹരിതവിപ്ലവത്തിന്റെ പിതാവെന്ന് അറിയപ്പെട്ടിരുന്ന എം.എസ്.സ്വാമിനാഥൻ (98) അന്തരിച്ചു. ചെന്നൈയിലെ വീട്ടിൽ ഇന്നലെ രാവിലെ 11.20ന് ആയിരുന്നു അന്ത്യം. ഔദ്യോഗിക ബഹുമതികളോടെ ശനിയാഴ്ച രാവിലെ 11നു ചെന്നൈ ബസന്റ് നഗർ ശ്മശാനത്തിൽ സംസ്കാരം നടക്കും. ഇന്ന് രാവിലെ 8.30 മുതൽ നാളെ രാവിലെ 10 വരെ തരമണിയിലെ എം.എസ്.സ്വാമിനാഥൻ റിസർച് ഫൗണ്ടേഷനിൽ പൊതുദർശനമുണ്ടാകും.ആലപ്പുഴ മങ്കൊമ്പ് കൊട്ടാരത്തുമഠം കുടുംബാംഗമായി 1925 ഓഗസ്റ്റ് ഏഴിനു തമിഴ്നാട്ടിലെ കുംഭകോണത്തായിരുന്നു ജനനം. ഡോ. എം.കെ.സാംബശിവനും പാർവതി തങ്കമ്മാളുമാണ് മാതാപിതാക്കൾ. അമേരിക്കൻ ശാസ്ത്രജ്ഞനായ നോർമൻ ബോർലോഗിന്റെ ഗവേഷണങ്ങൾക്ക് ഇന്ത്യൻ സാഹചര്യങ്ങളിൽ തുടർച്ച നൽകിയ അദ്ദേഹം, ഇന്ത്യൻ പരിസ്ഥിതിക്ക് ഇണങ്ങുന്ന അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ വികസിപ്പിച്ചെടുക്കുകയും കർഷകർക്കിടയിൽ പ്രചരിപ്പിക്കുകയും ചെയ്തു. സ്ഥിരം ഭക്ഷ്യസുരക്ഷയ്ക്ക് ഉതകുന്ന സുസ്ഥിര കൃഷിക്കുവേണ്ടി ഹരിതവിപ്ലവം, നിത്യഹരിതവിപ്ലവം ആക്കേണ്ടതുണ്ടെന്ന അദ്ദേഹത്തിന്റെ ശുപാർശ ഏറെ ശ്രദ്ധിക്കപ്പെട്ടതാണ്.1972 മുതൽ 79 വരെ അദ്ദേഹം ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ ഡയറക്ടർ ജനറലായിരുന്നു. ഇന്ത്യൻ കാർഷിക മന്ത്രാലയത്തിന്റെ പ്രിൻസിപ്പൽ സെക്രട്ടറി, രാജ്യാന്തര നെല്ലുഗവേഷണ കേന്ദ്രത്തിൽ ഡയറക്ടർ ജനറൽ, ഇന്റർനാഷനൽ യൂണിയൻ ഫോർ ദ് കൺസർവേഷൻ ഓഫ് നേച്ചർ ആൻഡ് നാച്ചുറൽ റിസോഴ്സസ് പ്രസിഡന്റ്, ദേശീയ കർഷക കമ്മിഷൻ ചെയർമാൻ തുടങ്ങി ഒട്ടേറെ നിലകളിൽ അദ്ദേഹം മികവു തെളിയിച്ചിട്ടുണ്ട്.

## ജി 20 വെർച്വൽ ഉച്ചകോടി

# തയ്യാറെടുപ്പുകൾ ആരംഭിച്ചു

- ഉന്നതതല നിരീക്ഷണ സമിതിക്കും രൂപംനൽകും
- ഓരോ കർമസമിതിയും പ്രവർത്തനങ്ങളെക്കുറിച്ചു പ്രതിമാസ വിവരങ്ങൾ നൽകണം

**ന്യൂഡൽഹി:** പ്രധാനമന്ത്രി നേരത്തെ പ്രഖ്യാപിച്ച ജി 20 വെർചൽ ഉച്ചകോടിക്ക് തയ്യാറാകാൻ പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ഡോ. പി കെ മിശ്ര ഡോ. പി കെ മിശ്ര ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടു. ജി20 ഉച്ചകോടിയുടെ തുടർ നടപടികൾ ഡോ. പി കെ മിശ്ര അവലോകനം ചെയ്തുഓരോ കർമസമിതിയും പ്രവർത്തനങ്ങളെക്കുറിച്ചുള്ള പുതുക്കിയ പ്രതിമാസ വിവരങ്ങൾ നൽകണം.ജി20 ഉച്ചകോടി ഒറ്റത്തവണ മാത്രം നടക്കുന്ന ഒന്നല്ലെന്നും ഇന്ത്യാ ഗവണ്മെന്റ് ഇക്കാര്യത്തിൽ മികച്ച സംഭാവനകൾ നൽകിയിട്ടുണ്ടെന്നും അവ സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ടെന്നും ഡോ. മിശ്ര പറഞ്ഞു. വിവിധ കർമസമിതികൾക്ക് നേതൃത്വം നൽകുന്ന ബന്ധപ്പെട്ട എല്ലാ മന്ത്രാലയങ്ങളെയും അവയുടെ നിർദിഷ്ട ഫലങ്ങൾ നടപ്പാക്കാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഉന്നതതല നിരീക്ഷണ സമിതിക്കും രൂപംനൽകും.പ്രധാനമന്ത്രി നേരത്തെ പ്രഖ്യാപിച്ച ജി 20 വെർചൽ ഉച്ചകോടിക്ക് തയ്യാറാകാൻ യോഗത്തിൽ ഡോ. പി കെ മിശ്ര ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടു. ജി 20 സെക്രട്ടറിയറ്റ്, ഡിഇഎ, എംഇഎ എന്നിവയെല്ലാം വെർചൽ ജി20 നടപ്പാക്കാൻ ഒരുമിച്ച് പ്രവർത്തിക്കുകയാണ്.പ്രഖ്യാപനത്തിൽ നിന്നും നേരത്തെയുള്ള മന്ത്രിതല/കർമസമിതി യോഗങ്ങളിൽ നിന്നും ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ഡോ. മിശ്ര മന്ത്രാലയങ്ങൾക്കു നിർദേശം നൽകി. പങ്കാളികളുമായി വെബിനാറുകൾ നടത്താനും ഈ പ്രക്രിയയിൽ സംസ്ഥാന ഗവണ്മെന്റുകളെയും ചിന്തകരേയും ഉൾപ്പെടുത്താനും അദ്ദേഹം മന്ത്രാലയങ്ങളോട് ആവശ്യപ്പെട്ടു.ആഫ്രിക്കൻ യൂണിയനെ പ്രത്യേകിച്ചും, ഗ്ലോബൽ സൗത്ത് മേഖലയെ പൊതുവെയും, പിന്തുണയ്ക്കുക എന്നത് നമ്മുടെ എല്ലാ പ്രവർത്തനങ്ങളിലും തുടരേണ്ട ഒന്നാണെന്നും അദ്ദേഹം പറഞ്ഞു. ആഫ്രിക്കൻ യൂണിയനുമായി ബന്ധപ്പെടുന്നതിനുള്ള കർമപദ്ധതി തയ്യാറാക്കേണ്ടതുണ്ടെന്ന് അദ്ദേഹം പറഞ്ഞു. പ്രധാനമന്ത്രിയുടെ ഹൃദയത്തോട് ചേർന്നുനിൽക്കുന്ന രണ്ടാമത്തെ 'വോയ്സ് ഓഫ് ഗ്ലോബൽ സൗത്ത്' ഉച്ചകോടിയിലാണ് വിദേശകാര്യ മന്ത്രാലയംപൂർണമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്നും അദ്ദേഹം അറിയിച്ചു. ജി20 കാര്യപരിപാടിയിൽ ഗ്ലോബൽ സൗത്ത് മേഖലയ്ക്കായുള്ള പ്രവർത്തനത്തിൽ ഇന്ത്യയുടെ അധ്യക്ഷതയ്ക്ക് അസാധാരണമായ നേട്ടങ്ങളുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി.

## കേരളീയം:
## കൊച്ചിവാട്ടർ മെട്രോ തലസ്ഥാനനഗരിയിൽ



**തിരുവനന്തപുരം:** കേരളത്തിൽ ജലഗതാഗതസംവിധാനത്തിൽ ആധുനികതയുടെ വിപ്ലവപാത സൃഷ്ടിച്ച കൊച്ചി വാട്ടർ മെട്രോയെ അടുത്തറിയാൻ തലസ്ഥാനവാസികൾക്കും അവസരം. നവംബർ ഒന്നുമുതൽ ഏഴു വരെ തിരുവനന്തപുരത്ത് സംസ്ഥാനത്തിന്റെ നേട്ടങ്ങൾ വിളിച്ചോതിക്കൊണ്ട് അരങ്ങേറുന്ന കേരളീയം ജനകീയോത്സവത്തിലാണ് കൊച്ചി വാട്ടർ മെട്രോ കൊച്ചിക്കായലിൽ നിന്ന് തലസ്ഥാനനഗരിയിൽ പ്രദർശനത്തിനായി എത്തുന്നത്. കേരളീയത്തിന്റെ പ്രധാന തീമായി അവതരിപ്പിക്കുന്ന ജലസംരക്ഷണക്യാമ്പയിന്റെ ഭാഗമായാണ് കൊച്ചി വാട്ടർ മെട്രോയെ അനന്തപുരിയിലെത്തിക്കുന്നത്. കേരളീയത്തിന്റെ പ്രധാനവേദികളിലൊന്നായ പുത്തരിക്കണ്ടം മൈതാനിയിലാവും വാട്ടർ മെട്രോ ബോട്ടിന്റെ പ്രദർശനം. പൊതുജനങ്ങൾക്ക് വാട്ടർമെട്രോയിൽ കയറാനുള്ള അവസരവുമൊരുക്കും. കൊച്ചി വാട്ടർ മെട്രോ സർവീസിൽ ഉപയോഗിക്കുന്ന ബോട്ട് തന്നെയാവും ഇവിടെ എത്തിക്കുക.കേരളത്തിന്റെ പരമ്പരാഗത ഗതാഗതമാർഗമായ ജലപാത നവീകരിച്ചുള്ള വികസനമുന്നേറ്റത്തിന്റെ സാക്ഷ്യപത്രം എന്നനിലയിൽ കൂടിയാണ് നൂറു ശതമാനം ഹരിതഊർജത്തിൽ പ്രവർത്തിക്കുന്ന കൊച്ചി വാട്ടർ മെട്രോ കേരളീയം പ്രദർശനവേദിയിലേക്ക് എത്തുന്നത്.



## വ്യാപാരികളുടെ പ്രതിഷേധ റാലിയും ധർണ്ണയും ഇന്ന്

**കൊച്ചി :** കേരള വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ നേതൃത്വത്തിൽ എറണാകുളം എം.ജി. റോഡിലെ കർണ്ണാടക ബാങ്ക് ശാഖ ഇന്ന് രാവിലെ 10ന് ഉപരോധിക്കും. കഴിഞ്ഞ ദിവസം കോട്ടയത്ത് വ്യാപാരി ആത്മഹത്യ ചെയ്യാൻ കാരണം കർണ്ണാടക ബാങ്കിന്റെ ഭീഷണിയാണെന്നാണ് വ്യാപാരികളുടെ ആരോപണം. ആത്മഹത്യ ചെയ്ത വ്യാപാരിയുടെ കുടുംബത്തിന് അർഹമായ നഷ്ടപരിഹാരം നൽകണമെന്നും, കുട്ടികളുടെ വിദ്യാഭ്യാസം സർക്കാർ ഏറ്റെടുക്കണമെന്നും, കുറ്റക്കാരായ ബാങ്ക് ഉദ്യോഗസ്ഥരെ നിയമത്തിന് മുന്നിൽ കൊണ്ടുവരണമെന്നും ആവശ്യപ്പെട്ടാണ് ധർണ്ണ സംഘടിപ്പിച്ചിരിക്കുന്നത്. രാവിലെ 10ന് എറണാകുളം ജോസ് ജംഷനിൽ നിന്ന് ആരംഭിക്കുന്ന റാലിയും ധർണ്ണയും കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എറണാകുളം ജില്ലാ പ്രസിഡന്റ് പി.സി.ജേക്കബ് ഉദ്ഘാടനം ചെയ്യും. എറണാകുളം നിയോജക മണ്ഡലം പ്രസിഡന്റ് എം.സി.പോൾസൺ, സെക്രട്ടറി എഡ്വേർഡ് ഫോസ്റ്റസ്, യൂത്ത് വിംഗ് സംസ്ഥാന സെക്രട്ടറി പ്രദീപ് ജോസ് തുടങ്ങിയവർ സമരത്തിന് നേതൃത്വം നൽകും.

## അഗ്രഗാമി പ്രതിഭാ പുരസ്കാരം നാളെ വിതരണം ചെയ്യും

**ആലപ്പുഴ:** യു.പ്രതിഭ എം.എൽ.എയുടെ മെറിറ്റ് അവാർഡായ അഗ്രഗാമി പ്രതിഭാ പുരസ്കാരം ശനിയാഴ്ച ഉച്ചയ്ക്ക് 2മണിക്ക് കായംകുളം മികാസ് കൺവെൻഷൻ സെന്ററിൽ നടക്കും. വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി പുരസ്കാരങ്ങൾ വിതരണം ചെയ്യും.202223 അധ്യയന വർഷത്തെ എസ്എസ്എൽസി പ്ലസ് ടു (സ്റ്റേറ്റ്, സി ബി എസ് ഇ , ഐ സി എസ് സി ) പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്കും,മണ്ഡലത്തിൽ 100% വിജയം നേടിയ പൊതു വിദ്യാലയങ്ങൾക്കും ആണ് അഗ്രഗാമി പുരസ്കാരങ്ങൾ വിതരണം ചെയ്യുന്നത്. ഉച്ചയ്ക്ക് രണ്ട് മണിക്ക് ജുഗൽബന്ദി, മൂന്ന് മണിക്ക് ജില്ലാ കളക്ടർ ഹരിത വി കുമാർ ഐ.എ.എസ് നയിക്കുന്ന സർഗ്ഗ സംവാദം എന്നിവ നടക്കും. പുരസ്കാര ചടങ്ങിൽ എ.എം ആരീഫ് എം.പി, മുതുകുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അംബുജാക്ഷി ടീച്ചർ, മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഇന്ദിരാ ദാസ്,ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ്.രജനി, കായംകുളം നഗരസഭ ചെയർപേഴ്സൺ പി.ശശികല,വൈസ് ചെയർമാൻ ജെ.ആദർശ്, പഞ്ചായത്ത് പ്രസിഡന്റ്മാരായ സി.സുധാകര കുറുപ്പ്,എസ്.പവനാഥൻ,എൽ.ഉഷ,കെ.ദീപ,തയ്യിൽ പ്രസന്നകുമാരി,രാധാമണി രാജൻ,നഗരസഭ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ഷാമില അനിമോൻ,ആർ.ഡി.ഡി അശോക് കുമാർ,ഡി.ഡി.ഇ കൃഷ്ണകുമാർ,ഡി.ഇ.ഒ  പി.ഒ.സണ്ണി തുടങ്ങിയവർ പങ്കെടുക്കും.

## ഗാന്ധി ജയന്തി വാരാഘോഷം: ജില്ലാതല ഉദ്ഘാടനം സിവിൽ സ്റ്റേഷനിൽ

**ആലപ്പുഴ:** ഗാന്ധിജയന്തി ജില്ലാതല വാരാഘോഷത്തിന് ഒക്ടോബർ 2ന് തുടക്കമാകും. രാവിലെ 8.30ന് ജില്ല കളക്ടർ ഹരിത വി. കുമാർ ഗാന്ധി പ്രതിമയിൽ പുഷ്പാർച്ചനയും ഹാരാർപ്പണവും നടത്തും. തുടർന്ന് സർവ്വമത പ്രാർഥനയുണ്ടാകും. 9ന് എ.എം. ആരിഫ് എം.പി. ജില്ലാതല വാരാഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്യും. ജില്ല പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാജേശ്വരി അധ്യക്ഷത വഹിക്കും. നഗരസഭ ചെയർപേഴ്സൺ കെ.കെ. ജയമ്മ മുഖ്യപ്രഭാഷണം നടത്തും. ചുനക്കര ജനാർദ്ദനൻ നായർ ഗാന്ധി ജയന്തി സന്ദേശം നൽകും. നഗരസഭ വൈസ് ചെയർമാൻ പി.എസ്.എം. ഹുസൈൻ, കൗൺസിലർ സിമി ഷാഫി ഖാൻ, എ.ഡി.എം. എസ്.സന്തോഷ് കുമാർ, രവി പാലത്തുങ്കൽ, രാജു പള്ളിപ്പറമ്പിൽ, ജില്ലാ ഇൻഫർമേഷൻഓഫീസർ കെ.എസ്. സുമേഷ് എന്നിവർ സംസാരിക്കും.ഗാന്ധി സമൃതി മണ്ഡപ സമിതിയും ജില്ല ഭരണകേന്ദ്രവും ജില്ല ഇൻഫർമേഷൻ ഓഫീസും വിവിധ വകുപ്പുകളുമായി ചേർന്നാണ് വാരാഘോഷം നടത്തുന്നത്. ഒരാഴ്ച നീണ്ടുനിൽക്കുന്ന പരിപാടികളിൽ ഗാന്ധി സ്മാരകം ആലപ്പുഴ സബ് സെന്റർ, കേരള സർവോദയമണ്ഡലം, കേരള സബർമതി, ഗാന്ധിയൻ ദർശന വേദി, ഗാന്ധി ദർശൻ സമിതി, മദ്യനിരോധന സമിതി, ജില്ല മിത്രമണ്ഡലം, കേരള ശാന്തി സമിതി തുടങ്ങിയ സംഘടനകളുടെ നേതൃത്വത്തിൽ ശാന്തിപദയാത്ര, ലഹരിവിരുദ്ധ സന്ദേശം നൽകുന്ന മാജിക് ഷോ, ഗാന്ധി ക്വിസ്, ഓൺലൈൻ പ്രസംഗ മത്സര, ഉപന്യാസരചന മത്സരം തുടങ്ങി വിവിധ പരിപാടികൾ സംഘടിപ്പിക്കും. ഇത് സംബന്ധിച്ച് കളക്ടറേറ്റിൽ ചേർന്ന ആലോചനയോഗത്തിൽ എ.ഡി.എം. എസ്.സന്തോഷ് കുമാർ, ജില്ല ഇൻഫർമേഷൻ ഓഫീസർ കെ.എസ്.സുമേഷ്, രവി പാലത്തുങ്കൽ, രാജു പള്ളിപ്പറമ്പിൽ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർപങ്കെടുത്തു.

# ശ്രീ സുധീന്ദ്ര മെഡിക്കൽ മിഷൻ ആശുപത്രിക്ക് ദേശീയ പുരസ്കാരം



കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന് കീഴിലുള്ള നാഷണൽ ഹെൽത്ത് അതോറിറ്റി  ഏർപ്പെടുത്തിയ ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷന്റെ പുരസ്കാരം ന്യൂ ഡൽഹി വിജ്ഞാൻ ഭവനിൽ നടന്ന ചടങ്ങിൽ കച്ചേരിപ്പടി ശ്രീ സുധീന്ദ്ര മെഡിക്കൽ മിഷൻ ആശുപത്രി ബോർഡ് ജനറൽ സെക്രട്ടറി മനോഹർ പ്രഭു, ഡോ.സച്ചിൻ സുരേഷ്, ഡോ.എയ്ഞ്ചല ഈപ്പൻ എന്നിവർ ചേർന്ന്  കേന്ദ്ര ആരോഗ്യ സെക്രട്ടറി സുധാൻഷു പന്ത് ഐഎഎസിൽ നിന്നും ഏറ്റുവാങ്ങുന്നു.

**കൊച്ചി :** കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന് കീഴിലുള്ള നാഷണൽ ഹെൽത്ത് അതോറിറ്റി  ഏർപ്പെടുത്തിയ ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷന്റെ (ABDM) അവാർഡ് കച്ചേരിപ്പടി ശ്രീ സുധീന്ദ്ര മെഡിക്കൽ മിഷൻ ആശുപത്രിക്ക് ലഭിച്ചു. കേരളത്തിൽ നിന്ന് ഈ അവാർഡ് കരസ്ഥമാക്കിയ ഏക ആശുപത്രയാണ് സുധീന്ദ്ര. സ്വകാര്യ ആശുപത്രി വിഭാഗത്തിൽ ദേശീയ തലത്തിൽ മൂന്നാം സ്ഥാനമാണ് ലഭിച്ചത്.ന്യൂ ഡൽഹി വിജ്ഞാൻ ഭവനിൽ കേന്ദ്ര ആരോഗ്യ മന്ത്രി ഡോ. മൻസൂഖ് മണ്ഡവ്യയുടെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ ശ്രീ സുധീന്ദ്ര ആശുപത്രിക്കുവേണ്ടി കേന്ദ്ര ആരോഗ്യ സെക്രട്ടറി സുധാൻഷു പന്ത് ൽ നിന്നും പുരസ്കാരം സുധീന്ദ്ര ബോർഡ് ജനറൽ സെക്രട്ടറി മനോഹർ പ്രഭു, ഡപ്യൂട്ടി മെഡിക്കൽ ഡയറക്ടർ ഡോ.സച്ചിൻ സുരേഷ്, ഡോ.എയ്ഞ്ചല ഈപ്പൻ എന്നിവർ ചേർന്ന് ഏറ്റുവാങ്ങി.ഡിജിറ്റൽ മിഷന്റെ ഭാഗമായി  കേന്ദ്ര സർക്കാർ നാഷണൽ ഹെൽത്ത് അതോറിറ്റി വഴി ആരോഗ്യമേഖലയിൽ നടപ്പാക്കി വരുന്ന സിംഗിൾ യൂണിവേഴ്സൽ ഹെൽത്ത് ഐഡന്റിറ്റി നമ്പർ പദ്ധതിയിൽ (ആയുഷ്മാൻ ഭാരത് ഹെൽത്ത് അക്കൗണ്ട് നമ്പർ  കേരളത്തിൽ നിന്നും ഏറ്റവും കൂടതൽ പേരെ ചേർത്തതിനുള്ള അംഗീകാരമാണ് സുധീന്ദ്ര ആശുപത്രി കരസ്ഥമാക്കിയത്.ഒരു രോഗി  ചികിത്സ തേടുന്ന അവസരത്തിൽ ആശുപത്രി അധികൃതർ രോഗിക്കുവേണ്ടി രോഗിയുടെ മുഴുവൻ വിവരങ്ങളും ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷനിൽ രജിസ്റ്റർ ചെയ്യുന്നു. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക്  ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷനിൽ നിന്നും രോഗിക്ക് നൽകുന്ന തിരിച്ചറിയൽ രേഖയാണിത്.  ഇപ്രകാരം ഒരാൾക്ക് ലഭിക്കുന്ന നമ്പറാണ് സിംഗിൾ യൂണിവേഴ്സൽ ഹെൽത്ത് ഐഡന്റിറ്റി നമ്പർ (ആഭ). രോഗിക്ക് തന്റെ ജീവിതകാലം മുഴുവൻ ഉപയോഗിക്കാൻ സാധിക്കുന്ന ചികിത്സാ തിരിച്ചറിയൽ രേഖയാണിത്. ഈ നമ്പർ രോഗിയുടെ ആധാറുമായും ബന്ധപ്പെടുത്തുന്നു. രോഗിയുടെ മുഴുവൻ ചികിത്സാ വിവരങ്ങളും ഈ നമ്പറിൽ ലഭ്യമാകും.രോഗി മറ്റൊരാശുപത്രിയിൽ ചികിത്സ തേടേണ്ടി വരുന്ന അവസരത്തിൽ രോഗി തന്റെ ആഭ നമ്പർ  ആശുപത്രിയിൽ കൗണ്ടറിൽ നൽകുക. ആശുപത്രി അധികൃതർ തങ്ങളുടെ ആശുപത്രിയിൽ ഈ നമ്പർ  തങ്ങളുടെ സിസ്റ്റത്തിൽ രേഖപ്പെടുത്തുമ്പോൾ ആഭാ നമ്പറുമായി ബന്ധിപ്പിച്ചിട്ടുള്ള രോഗിയുടെ മൊബൈലിൽ വൺ ടൈം പാസ് വേഡ് (ഒ.ടി.പി) ലഭിക്കും. ഈ ഒ.ടി.പി നൽകി വളരെ സുഗമമായും ഓൺലൈനായും താമസം കൂടാതെയും പുതിയ ആശുപത്രിയിലെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാം. ഇതിലൂടെ രോഗിയുടെ മുഴുവൻ പൂർവ്വകാല ചികിത്സാ റിപ്പോർട്ടുകളും ഒറ്റക്ലിക്കിൽ  പുതിയ ആശുപത്രിയിലെ ഡോക്ടർമാർക്ക് ലഭ്യമാകുന്നതോടെ വളരെ വേഗം തുടർ ചികിത്സകൾ ആരംഭിക്കാൻ സാധിക്കും. ആഭാ നമ്പർ ഉള്ള രോഗിക്കോ, ബന്ധുക്കൾക്കോ തങ്ങളുടെ പഴയ ആശുപത്രിയിലെ ചികിത്സാ രേഖകൾ തേടി ആശുപത്രികൾ തോറും കയറിയിറങ്ങി സമയം നഷ്ടപ്പെടുത്തേണ്ടി വരുന്നില്ല. ആശുപത്രികൾക്കും അവരുടെ  സമയം ഇതിനായി നീക്കിവയ്ക്കേണ്ടി വരുന്നില്ല. സുധീന്ദ്രയിൽ പ്രവർത്തിക്കുന്ന കാൻസർ ചികിത്സാ വിദഗ്ദരായ കാർക്കിനോസിന്റെ കൂടി സഹകരണത്തോടെയാണ് കേരളത്തിൽ നിന്നും ഏറ്റവും കൂടുതൽ പേർക്ക് ആഭാ നമ്പർ ലഭ്യമാക്കാൻ സാധിച്ചതെന്ന്  ആശുപത്രി മെഡിക്കൽ ഡയറക്ടർ ഡോ. എം.ഐ.ജുനൈദ് റഹ്മാൻ പറഞ്ഞു. കഴിഞ്ഞ 50 വർഷമായി നഗര മധ്യത്തിൽ സ്ഥിതി ചെയ്യുന്ന ശ്രീ സുധീന്ദ്രയിൽ ഏവർക്കും താങ്ങാവുന്ന ചിലവിൽ വിദഗ്ദ ചികിത്സാ സംവിധാനം ഒരുക്കിയിട്ടുണ്ടെന്ന് ബോർഡ് ജനറൽ സെക്രട്ടറി മനോഹർ പ്രഭു പറഞ്ഞു.

## ലോക്സഭ തിരഞ്ഞെടുപ്പ്: വോട്ടിംഗ് യന്ത്രങ്ങളുടെ പരിശോധന ഒബ്സെർവർ വിലയിരുത്തി

**ആലപ്പുഴ:** 2024ലെ ലോകസഭ തെരഞ്ഞെടുപ്പിന മുന്നോടിയായി ജില്ലയിൽ ലഭ്യമായ ഇലക്ട്രോണിക്ക് വോട്ടിംഗ് മെഷിനുകളുടെയും വി.വി. പാറ്റ് മെഷീനുകളുടെയും  ഫസ്റ്റ് ലെവൽ ചെക്കിങ്, ഒബ്സെർവറായ കർണാടക ജോയിന്റ് ചീഫ് ഇലക്ട്രൽ ഓഫീസർ വി. രാഘവേന്ദ്രയുടെ നേതൃത്വത്തിൽ പരിശോധന നടത്തി. കളക്ടറേറ്റ് വെയർ ഹൗസ് ഗോഡൗണിലെ എഫ്. എൽ.സി. ഹാളിലായിരുന്നു പരിശോധന. 925 ബാലറ്റ് യൂണിറ്റ്, 924 കൺട്രോൾ യൂണിറ്റ്, 925 വി.വി.പാറ്റ് എന്നിവയുടെ ഫസ്റ്റ് ലെവൽ ചെക്കിങ് പൂർത്തിയായി. ജില്ല തെരഞ്ഞെടുപ്പ് വരണാധികാരിയായ കളക്ടർ ഹരിത വി. കുമാർ, തെരഞ്ഞെടുപ്പ് വിഭാഗം ഡെപ്യൂട്ടി കളക്ടർ ബി. കവിത, എഫ് എൽ സി സൂപ്പർവൈസർ രമ്യ എ



സ് നമ്പൂതിരി, തഹസിൽദാർ & ഇ.ആർ.ഒ. എസ്. അൻവർ, ജൂനിയർ സൂപ്രണ്ട് ഷിബു സി ജോബ് തുടങ്ങിയവർപങ്കെടുത്തു.

# ഇന്ത്യയുടെ തുറമുഖവികസനത്തിന്റെ മുഖമായി മാറാനൊരുങ്ങി കൊച്ചി

**കൊച്ചി:** കപ്പൽ മാർഗ്ഗത്തിലൂടെയുള്ള ചരക്കുനീക്കത്തിൽ ഇക്കൊല്ലം രണ്ടാംപാദത്തിൽ കൊച്ചി 21.8% വളർച്ച കൈവരിച്ചതായി കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ. ആഗോള മാരിടൈം ഉച്ചകോടിയുടെ മൂന്നാംപതിപ്പിന് മുന്നോടിയായി കൊച്ചിയിൽ നടത്തിയ പ്രത്യേക റോഡ്ഷോയ്ക്ക് വേണ്ടി നൽകിയ വീഡിയോ സന്ദേശത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കേന്ദ്ര തുറമുഖ, കപ്പൽ, ജലഗതാഗത വകുപ്പിന് വേണ്ടി കൊച്ചിൻ പോർട്ട് അതോറിറ്റിയും കൊച്ചിൻ ഷിപ്യാർഡും സംയുക്തമായാണ് ലെ മെറിഡിയൻ ഹോട്ടലിൽ റോഡ്ഷോ സംഘടിപ്പിച്ചത്.കേരളത്തിലെ തീരദേശ വിഭവസമ്പത്തും തുറമുഖങ്ങളും സംസ്ഥാനത്തെ സാമ്പത്തികവളർച്ചയിലേക്ക് നയിക്കുമെന്നും, രാജ്യത്തിന്റെ പ്രത്യേക സാമ്പത്തിക ഇടനാഴികളിൽ കൊച്ചിക്ക് ശ്രദ്ധേയമായ സ്ഥാനമുണ്ടെന്നും കേന്ദ്ര തുറമുഖ, കപ്പൽ, ജലഗതാഗത വകുപ്പ് മന്ത്രി ശ്രീ. സർബാനന്ദ സോനോവാൾ പറഞ്ഞു. വിഴിഞ്ഞത്തും വല്ലാർപ്പാടത്തും നിർമാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്ന വൻ പദ്ധതികളും കൊച്ചിയിലെ വാട്ടർ മെട്രോയും പരിപാടിയിൽ ചർച്ചയായി.കേരളത്തിലേതുൾപ്പെടെ, രാജ്യത്തെ എല്ലാ തീരദേശമേഖലകളുടെയും സ്വാഭാവിക സവിശേഷതകളും സമ്പത്തും പ്രയോജനപ്പെടുത്തി വാണിജ്യ, ടൂറിസം മേഖലകൾക്ക് ഊർജം പകരാനാണ് ശ്രമമെന്ന് കേന്ദ്ര തുറമുഖവകുപ്പ് സഹമന്ത്രി ശ്രീ ശാന്തനു താക്കൂർ പറഞ്ഞു. ഈ രംഗത്ത് കൂടുതൽ നിക്ഷേപങ്ങളും സഞ്ചാരികളെയും ആകർഷിക്കാൻ കേരളത്തിന് കഴിയുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അതിനുവേണ്ടി അടിസ്ഥാനസൗകര്യ വികസനത്തിലും നിയമനിർമാണത്തിലും സർക്കാർ പ്രത്യേക ശ്രദ്ധ നൽകും.പ്രതിവർഷം 35 ദശലക്ഷം മെട്രിക് ടൺ ചരക്കാണ് കൊച്ചിയിലൂടെ കടന്നുപോകുന്നത്. രാജ്യത്തെ 12 പ്രധാന തുറമുഖങ്ങളിൽ കൊച്ചിയുടെ സാന്നിധ്യവും സംഭാവനകളും അവഗണിക്കാനാവാത്തതാണെന്ന് കൊച്ചിൻ പോർട്ട് അതോറിറ്റി അധ്യക്ഷ ഡോ. ബീന എം കഅട പറഞ്ഞു. നിർമാണം പൂർത്തിയാകുമ്പോൾ ഇന്ത്യയിലെ ആദ്യത്തെ മെഗാ ട്രാൻസ്ഷിപ്പ്മെന്റ് കണ്ടെയ്നർ ടെർമിനലായ വിഴിഞ്ഞം തുറമുഖം, പരിസ്ഥിതി സൗഹാർദ്ദവും സുസ്ഥിരവുമായ ചരക്കുനീക്കത്തിന് വഴിയൊരുക്കും.പരിപാടിയിൽ കൊച്ചിൻ പോർട്ട് അതോറിറ്റിയുടെ ഉപാധ്യക്ഷൻ ശ്രീ വികാസ് നർവാൾ രാജ്യത്തെ തുറമുഖങ്ങളെ കുറിച്ച് വിശദമായി കാണികൾക്ക് പരിചയപ്പെടുത്തിയ പ്രസേന്റ്റേഷൻ അവതരിപ്പിച്ചു. ഇന്ത്യയിലെ ചെറുതും വലുതുമായ ഇരുന്നൂറോളം തുറമുഖങ്ങളിൽ കൊച്ചിയുടെ പങ്ക് വളരെ വലുതാണെന്ന് അദ്ദേഹം വിശദീകരിച്ചു. രാജ്യത്താകെയുള്ള 28 കപ്പൽ നിർമാണശാലകളിൽ ഏറ്റവും വലുതാണ് കൊച്ചിയിൽ സ്ഥിതി ചെയ്യുന്നത്. ഇന്ത്യയുമായി സമുദ്രമാർഗം വാണിജ്യബന്ധത്തിലേർപ്പെട്ടിട്ടുള്ളത് നൂറോളം രാജ്യങ്ങളാണ്. അതിൽ 1.3% കടന്നുപോകുന്നത് കൊച്ചി തുറമുഖത്തിലൂടെയാണ്. ഏറ്റവും പുതിയ കണക്കുകൾ പ്രകാരം കപ്പലുകൾ പുനരുപയോഗിക്കുന്നതിൽ ഇന്ത്യയ്ക്ക് ലോകത്തെ രണ്ടാം സ്ഥാനവും ലോജിസ്റ്റിക്സ് സംവിധാനങ്ങളുടെ മികവിൽ മുപ്പത്തിയെട്ടാംസ്ഥാനവുമാണുള്ളതെന്ന് വികാസ് നർവാൾ പറഞ്ഞു.വിഴിഞ്ഞം, വാട്ടർ മെട്രോ എന്നിവയ്ക്ക് സമാനമായ കൂടുതൽ പദ്ധതികളിലൂടെ ആഗോളഭൂപടത്തിൽ കേരളത്തിലെ തുറമുഖങ്ങളുടെ സ്ഥാനം ഉയർത്തുമെന്ന് സംസ്ഥാന ഫിഷറീസ്, തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. കെ.എസ്. ശ്രീനിവാസ് ഐഎഎസ് പറഞ്ഞു. കൊച്ചിൻ ഷിപ്പ് യാർഡ് ലിമിറ്റഡ് ചെയർമാൻ ശ്രീ മധു എസ് നായർ പരിപാടിയിൽ കൃതജ്ഞത രേഖപ്പെടുത്തി.മലബാർ ഇന്റർനാഷണൽ പോർട്ട് ആൻഡ് എസ്ഇസെഡ് ലിമിറ്റഡിന്റെ സി.എം.ഡി എൽ. രാധാകൃഷ്ണൻ, ഇന്ത്യ പോർട്സ് ഗ്ലോബൽ ലിമിറ്റഡിന്റെ എംഡി സുനിൽ മുകുന്ദൻ, സി.എസ്,എൽ ഇങഉ രാജേഷ് ഗോപാലകൃഷ്ണൻ, കേരള മാരിടൈം ബോർഡ് ചെയർമാൻ എൻ.എസ് പിള്ള, വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തിന്റെ ചീഫ് പ്രോജക്ട് ഓഫിസർ ഡോ. സന്തോഷ് സത്യപാൽ, ഡിപി വേൾഡ് സി.ഇ.ഓ പ്രവീൺ തോമസ് ജോസഫ്, കൊച്ചിൻ പോർട്ട് അതോറിറ്റി ട്രാഫിക് മാനേജർ വിപിൻ ആർ മേനോത് എന്നിവർ പങ്കെടുത്തു.ഒക്ടോബർ 17 മുതൽ 19 വരെ മുംബൈ ബികെസിയിലുള്ള എം.എം.ആർ.ഡി.എ ഗ്രൗണ്ടിലാണ് ഇക്കൊല്ലത്തെ ആഗോള മാരിടൈം ഉച്ചകോടി നടക്കാനുള്ള തയാറെടുപ്പുകൾ പുരോഗമിക്കുന്നത്. സമുദ്രമേഖലയിലെ വളർച്ചയും പരസ്പരസഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനാണ് ഉച്ചകോടിയും അതിനോടനുബന്ധിച്ചുള്ള പരിപാടികളും സംഘടിപ്പിക്കുന്നത്. കൊച്ചിൻ പോർട്ട് അതോറിറ്റിയും കൊച്ചിൻ ഷിപ്യാർഡും ചേർന്നാണ് കൊച്ചിയിലെ പരിപാടികൾ ആസൂത്രണം ചെയ്യുന്നതും നടപ്പിലാക്കുന്നതും. 'കൂട്ടിയിണക്കുക, സഹകരിക്കുക, നിർമിക്കുക' എന്നതാണ് ഇത്തവണത്തെ ഉച്ചകോടിയുടെ പ്രമേയം. ഇന്ത്യൻ വാണിജ്യ വ്യവസായ ചേംബറുമായുള്ള (എകഇഇക) പ്രത്യേക പങ്കാളിത്തത്തോടെയാണ് ഇത്തവണത്തെ ഉച്ചകോടി സംഘടിപ്പിക്കുന്നത്.




# മുഖ്യമന്ത്രിയുടെ മേഖലാതല അവലോകനയോഗം ഒക്ടോബർ 3ന്

കൊച്ചി: ഒക്ടോബർ 3ന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മേഖലാതല അവലോകന യോഗം നടക്കുന്ന ബോൾഗാട്ടി പാലസ് വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് സന്ദർശിച്ച് ഒരുക്കങ്ങൾ വിലയിരുത്തി. യോഗം നടക്കുന്ന ഹാളിൽ മുഖ്യമന്ത്രിയുടേയും മന്ത്രിമാരുടേയും ഉദ്യോഗസ്ഥരുടെയും ഇരിപ്പിടങ്ങൾ ക്രമീകരിക്കുന്നത് സംബന്ധിച്ചു മന്ത്രിയുടെ നേതൃത്വത്തിൽ ട്രയൽറൺ നടന്നു. ജില്ലാ കളക്ടർ എൻ.എസ്. കെ ഉമേഷ്, ഹുസൂർ ശിരസ്ദാർ ബി അനിൽകുമാർ മേനോൻ എന്നിവർ മന്ത്രിക്കൊപ്പം സന്ദർശനത്തിൽ പങ്കെടുത്തു.ജനങ്ങളുടെ പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിനും വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുമായാണ് സംസ്ഥാനത്ത് മേഖലാതല അവലോകന യോഗങ്ങൾ നടക്കുന്നത്. എറണാകുളം, ഇടുക്കി, ആലപ്പുഴ, കോട്ടയം ജില്ലകളുടെ അവലോകന യോഗമാണ് എറണാകുളം ബോൾഗാട്ടി പാലസിൽ നടക്കുന്നത്.തിരുവനന്തപുരം ജില്ലയിലാണ് ആദ്യ അവലോക യോഗം നടന്നത്. സെപ്റ്റംബർ 29ന് പാലക്കാട്, മലപ്പുറം, തൃശൂർ ജില്ലകളുടെ മേഖലാതല അവലോകന യോഗം തൃശൂർ ഈസ്റ്റ് ഫോർട്ട് ലൂർദ് ചർച്ച് ഹാളിലും ഒക്ടോബർ അഞ്ചിന് കാസർകോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട് ജില്ലകളുടെ അവലോകന യോഗം കോഴിക്കോട് മറീന കൺവൻഷൻ സെന്ററിലും ചേരും.



# കോട്ടുവള്ളിയിൽ ഒരുങ്ങുന്നത് 100 ഏക്കർ ചെറുധാന്യ വിളകൾ



**കൊച്ചി:** കോട്ടുവള്ളി ഗ്രാമപഞ്ചായത്തിലെ വള്ളുവള്ളി 15ാം വാർഡിൽ ചെറുധാന്യ കൃഷി തുടങ്ങി. വിത്തുവിത ഉദ്ഘാടനം കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. എസ് ഷാജി നിർവഹിച്ചു.അന്താരാഷ്ട്ര ചെറുധാന്യ വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി കോട്ടുവള്ളി ഗ്രാമപഞ്ചായത്തിൽ ഒരുങ്ങുന്നത് 100 ഏക്കർ ചെറുധാന്യ കൃഷിയാണ്.ഗ്രാമപഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതിയിൽ തുക വകയിരുത്തി നടപ്പിലാക്കുന്ന പദ്ധതിയായ കോട്ടുവള്ളി മില്ലറ്റ് വേൾഡ് പ്രോഗ്രാമിന്റെ ഭാഗമായി ഒരേക്കർ സ്ഥലത്താണ് ചെറുധാന്യ കൃഷിയായ മണിച്ചോളം, കമ്പ്,വരാഗ് എന്നി വിളകൾ വിതച്ചത് .ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിലമൊരുക്കിയാണ് കൃഷിയാരംഭിച്ചത്. കോട്ടുവള്ളി മില്ലറ്റ് വേൾഡ് പ്രോഗ്രാമിന്റെ ഭാഗമായി കോട്ടുവള്ളി ഗ്രാമപഞ്ചായത്തിലെ 22 വാർഡുകളിലായി 100 ഏക്കർ സ്ഥലത്താണ് ചെറുധാന്യങ്ങൾ കൃഷിയിറക്കുന്നത്.ചടങ്ങിൽ ഗ്രാമപഞ്ചായത്തംഗം ബിന്ദു ജോർജ് , വി. എച്ച് ജമാൽ , എൻ. ആർ. ഇ. ജി. ഇ എ. ഇ (ചഞ്ഞഏള അള ) എച്ച് . അതുൽ , കൃഷി അസിസ്റ്റന്റ് എസ്. കെ ഷിനു , മേരി ജോയി , കർഷകർ , തൊഴിലുറപ്പ് തൊഴിലാളികൾ തുടങ്ങിയവർ സന്നിഹിതരായി.

# വൈപ്പിനിലെ റവന്യൂ ഓഫീസുകൾ ഇനി ഇ മോടിയിൽ; ഉദ്ഘാടനം 5 ന്

**വൈപ്പിൻ:** വൈപ്പിൻ നിയോജകമണ്ഡലത്തിലെ എല്ലാ റവന്യൂ ഓഫീസുകളും ഇനി ഇ ഓഫീസുകൾ. ഈ ലക്ഷ്യത്തോടെ ആസൂത്രണം ചെയ്ത ആധുനികവത്കരണ പദ്ധതി പൂർത്തിയായതായി കെ എൻ ഉണ്ണികൃഷ്ണൻ എംഎൽഎ അറിയിച്ചു. ഇ ഓഫീസുകളുടെ സംയുക്ത ഉദ്ഘാടനം ഒക്ടോബർ അഞ്ചിനു ഞാറക്കൽ പഞ്ചായത്ത് ഓഫീസ് ഹാളിൽ നടക്കും. രാവിലെ 11 ന് കെ എൻ ഉണ്ണിക്കൃഷ്ണൻ എം എൽ എ ഉദ്ഘാടനം ചെയ്യും. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് മിനി രാജു അധ്യക്ഷയാകും. മറ്റു ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സാമൂഹിക പ്രവർത്തകരും പങ്കെടുക്കും.നിയമസഭ സാമാജികരുടെ 2022 23 വർഷത്തെ പ്രത്യേക വികസന നിധിയിൽ നിന്ന് 12,84,363 (പന്ത്ര് ലക്ഷത്തി എൺപത്തിനാലായിരത്തി മുന്നൂറ്റി അറുപത്തി മൂന്ന്) രൂപയാണ് ഇ ഓഫീസ് പദ്ധതിക്ക് അനുവദിച്ചത്. ഇതുപയോഗിച്ച് 16 ലാപ്ടോപ്പുകളും ഒൻപത് വീതം പ്രിന്ററുകളും സ്കാനറുകളും ഓഫീസുകളിൽ വിന്യസിച്ചു. കടമക്കുടി, മുളവുകാട്, എടവനക്കാട്, എളങ്കുന്നപ്പുഴ, കുഴുപ്പിള്ളി, നായരമ്പലം, ഞാറക്കൽ, പള്ളിപ്പുറം, പുതുവൈപ്പ് എന്നീ വില്ലേജ് ഓഫീസുകളിലാണ് ഇ ഓഫീസ് പദ്ധതി നടപ്പാക്കുന്നത്. കടമക്കുടിയിലും മുളവുകാടും കണയന്നൂർ താലൂക്ക് തഹസിൽദാർ ഇ ഓഫീസ് പദ്ധതിയുടെ നിർവ്വഹണ ചുമതല വഹിച്ചു. മറ്റിടങ്ങളിൽ കൊച്ചി തഹസിൽദാർ നിർവ്വഹണം ഉദ്യോഗസ്ഥനായി. കെൽട്രോൺ തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം ആവശ്യകതയ്ക്ക് അനുസരിച്ചാണ് ഓരോ വില്ലേജിനും ഇ ഓഫീസ് പദ്ധതിക്ക് തുക അനുവദിച്ചത്. ഇതു പ്രകാരം ഞാറക്കൽ, നായരമ്പലം വില്ലേജ് ഓഫീസുകൾക്കായി 1,13,139 ഉം മറ്റുള്ളവയ്ക്ക് 1,51,155 ഉം രൂപ വീതമാണ് വിനിയോഗിച്ചത്.

# തുറവുങ്കരയിൽ സബ് സെന്റർ ഒരുങ്ങുന്നു

**കൊച്ചി:** കാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ തുറവുങ്കര നിവാസികൾക്ക് ആശ്വാസമായി വിപുലമായ സൗകര്യങ്ങളോടെ സബ് സെന്റർ ഒരുങ്ങുന്നു. പുതിയ കെട്ടിടത്തിന്റെ നിർമ്മാണ ഉദ്ഘാടനം അൻവർ സാദത്ത് എം.എൽ.എ നിർവഹിച്ചു.സബ്സെന്ററിന് നിലവിൽ ഉണ്ടായിരുന്ന കെട്ടിടം ശോചനീയാവസ്ഥയായതിനെ തുടർന്ന് രോഗികൾക്കും, പൊതുജനങ്ങൾക്കും സേവനം ലഭിക്കാത്തതുമൂലം വലിയ ബുദ്ധിലായിരുന്നു. ഈ സാഹചര്യത്തിലാണ് പുതിയ കെട്ടിടം നിർമ്മിക്കുന്നത്.എംഎൽഎ ആസ്തി വികസന ഫണ്ടിൽനിന്ന് 33 ലക്ഷം രൂപ ചിലവഴിച്ചാണ് കെട്ടിടം നിർമ്മിക്കുന്നത്.

# ലോക ടൂറിസം ദിനം ആഘോഷിച്ചു



**കൊച്ചി:** വനിത ബുള്ളറ്റ് ആൻറ് ബൈക്ക് റൈഡേഴ്സ് അസോസിയേഷനും ഫോറം കൊച്ചിയും ചേർന്ന് ലോക ടൂറിസം ദിന ആഘോഷം സംഘടിപ്പിച്ചു. ഇതിൻറെ ഭാഗമായി നടത്തിയ ബൈക്ക് റാലി, റൈഡ് ആക്ഷൻ എന്നിവയിൽ 30 ൽ പരം യുവതികൾ പങ്കെടുത്തു. വൈറ്റില, കുണ്ടന്നൂർ മേഖലയിൽ നടത്തിയ ബൈക്ക് റാലിയുടെ ഫ്ലാഗ് ഓഫ് ഫോറം കൊച്ചി എ ജി എം സജീഷ് ചന്ദ്ര നിർവഹിച്ചു. ലുലു ഡെ യ് ലി ജനറൽ മാനേജർ ഷെരീഫ്, ഷോപ്പേഴ്സ് സ്റ്റോപ്പ് മാനേജർ അനുരാഗ്, ഫോറം കൊച്ചി ഡെപ്യൂട്ടി മാർക്കറ്റിംഗ് മാനേജർ ദീപ വിനയ് എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

# സൗജന്യ മെഡിക്കൽ ക്യാമ്പ്

**ഇരിഞ്ഞാലക്കുട:** വള്ളിവട്ടം യൂണിവേഴ്സൽ എഞ്ചിനീയറിംഗ് കോളേജും ആസ്റ്റർ മെഡറസിറ്റി കൊച്ചിയും ചേർന്ന് 2023 ഒക്ടോബർ 2 തിങ്കളാഴ്ച ഗാന്ധി ജയന്തിദിനത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തുന്നു. വെള്ളാങ്കല്ലൂർ, വേളൂക്കര, പൂമംഗലം ഗ്രാമപഞ്ചായത്ത് നിവാസികൾക്കും യൂണിവേഴ്സൽ എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ക്യാമ്പിൽ പങ്കെടുക്കാം. ക്യാമ്പ് ജസ്റ്റിസ് പി. ഉബൈദ് രാവിലെ 10ന് ഉദ്ഘാടനം ചെയ്യും. ജനറൽ മെഡിസിൻ, ഗൈനക്കോളജി, ഇ.എൻ.ടി വിഭാഗങ്ങളിലെ ചികിത്സാവിദഗ്ധർ സംബന്ധിക്കും. ക്യാമ്പിൽ പങ്കെടുക്കുന്നതിന് മുൻകൂട്ടി ബുക്കു ചെയ്യേണ്ടതാണ്. ബുക്കിംഗിന് ഡോ. ജോബിൻ 94951 30458; അനുപമ 89431 94787

# ലോക കോഫി കോൺഫറൻസിൽ പങ്കെടുത്ത് സ്പൈസസ് ബോർഡ്



**കൊച്ചി:** ബെംഗളൂരുവിൽ നടന്ന ലോക കോഫി കോൺഫറൻസിന്റെ ഭാഗമായി സ്പൈസസ് ബോർഡ്. ലോകമെമ്പാടുമുള്ള കാപ്പി കൃഷിയുടെ സാമ്പത്തിക പ്രാധാന്യം ഉയർത്തിക്കാട്ടുന്നതിനായി സംഘടിപ്പിച്ച കോഫി കോൺഫറൻസ് ആദ്യമായാണ് ഏഷ്യയിൽ നടന്നത്. സ്പൈസസ് ബോർഡ് സ്ഥാപിച്ച അത്യാധുനിക പ്രദർശന വേദി, സുഗന്ധവ്യഞ്ജനങ്ങളിലെ മൂല്യവർദ്ധനവും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സുഗന്ധവ്യഞ്ജന മേഖലയിലെ സംരംഭകരുടെ പങ്കാളിത്തവും കൊണ്ട് ശ്രദ്ധേയമായി. ഇൻറർനാഷണൽ കോഫി ഓർഗനൈസേഷൻ (ഐ.സി.ഒ), കോഫി ബോർഡ് ഓഫ് ഇന്ത്യ, വാണിജ്യ വ്യവസായ മന്ത്രാലയം, കർണാടക ഗവൺമെൻറ്, കോഫി വ്യവസായികൾ എന്നിവരുടെ സഹകരണത്തോടെ നടന്ന കോഫി കോൺഫറൻസ് 4 ദിവസം നീണ്ടു നിന്നു. സ്പൈസസ് ബോർഡ് സെക്രട്ടറി ഡി സത്യൻ ഐ എഫ് എസ്, സ്പൈസസ് ബോർഡ് ഡയറക്ടർ ഡോ. എ ബി രമശ്രീ മറ്റ് അംഗങ്ങളും സ്പൈസസ് ബോർഡിനെ പ്രതിനിധീകരിച്ചു

# ഹൃദയാത്ര: ഹൃദ്രോഗ നിർണ്ണയ മൊബൈൽ ക്ലിനിക്കുമായി കിംസ്ഹെൽത്ത്




**തിരുവനന്തപുരം:** ലോക ഹൃദയാരോഗ്യ ദിനത്തോടനുബന്ധിച്ച് തിരുവനന്തപുരത്ത് മൊബൈൽ ഹൃദ്രോഗ നിർണ്ണയ ക്ലിനിക്കുമായി കിംസ്ഹെൽത്ത്. കെഎസ്ആർടിസി ബസിൽ പ്രത്യേകം സജ്ജമാക്കിയ സൗജന്യ ക്ലിനിക്ക് ഒരാഴ്ച്ച തിരുവനന്തപുരം ജില്ലയിലെ പല ഭാഗങ്ങളിലെത്തും. കിംസ്ഹെൽത്ത് ഈസ്റ്റ് ബ്ലോക്കിൽ വച്ച് നടന്ന ചടങ്ങിൽ ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു മൊബൈൽ ക്ലിനിക്ക് ഫ്ലാഗ് ഓഫ് ചെയ്തു. ചെറുപ്പക്കാർക്കിടയിൽ ഹൃദ്രോഗ സാധ്യതകൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഇത്തരമൊരു സേവനമനോഭാവവുമായി മുന്നോട്ട് വന്ന കിംസ്ഹെൽത്തിന്റെ സാമൂഹിക പ്രതിബദ്ധത പ്രശംസനീയമാണെന്ന് ആന്റണി രാജു പറഞ്ഞു. ഹൃദയാരോഗ്യവുമായി ബന്ധപ്പെട്ട് കിംസ്ഹെൽത്തിലെ കാർഡിയോളജി വിഭാഗം ഡോക്ടർമാർ രചിച്ച 'എന്നും ആരോഗ്യത്തോടെ തുടിക്കട്ടെ' എന്ന പുസ്തകം മുഖ്യാഥിതി ആന്റണി രാജു കാർഡിയോളജി വിഭാഗം കോർഡിനേറ്ററും സീനിയർ കൺസൾട്ടന്റുമായ ഡോ. രമേശ് നടരാജന് നൽകി പ്രകാശനം ചെയ്തു. പ്രായഭേദമന്യേ ഹൃദ്രോഗം ഒരു വില്ലനാകുന്ന കാലത്ത് ബോധവൽക്കരണം പോലെ പ്രധാനമാണ് നേരത്തെയുള്ള രോഗനിർണ്ണയമെന്നും ചെറുപ്പം മുതലേ കൃത്യമായ ഇടവേളകളിൽ ഹൃദ്രോഗ പരിശോധനകൾക്ക് വിധേയരാവണമെന്നും കിംസ്ഹെൽത്ത് ചെയർമാൻ ആൻഡ് മാനേജിങ് ഡയറക്ടർ ഡോ. എം.ഐ സഹദുള്ള അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. 'ബൈപ്പാസ് ദ് ബ്ലോക്ക്' എന്ന ആശയത്തിലൂന്നി സംഘടിപ്പിച്ച പരിപാടിയിൽ കിംസ്ഹെൽത്ത് വൈസ് ചെയർമാൻ ഡോ. ജി. വിജയരാഘവൻ ഹൃദയദിന സന്ദേശം നൽകി. കാർഡിയോളജി വിഭാഗം കൺസൽട്ടൻറ് ഡോ. പ്രവീൺ എസ്.വി സ്വാഗതവും കാർഡിയോതൊറാസിക് വിഭാഗം സീനിയർ കൺസൽട്ടൻറ് ഡോ. ഷാജി പാലങ്ങാടൻ നന്ദിയും അറിയിച്ചു.

# സ്കൂബാ ഡൈവിംഗ് പ്രദർശനം ജനശ്രദ്ധ ആകർഷിച്ചു

**കൊച്ചി:** ലോക വിനോദസഞ്ചാര ദിനത്തിന്റെ ഭാഗമായി ദർബാർ ഹാൾ ഗ്രൗണ്ടിൽ സ്കൂബ ഡ്രൈവിങ് പ്രദർശനം ഏറെ ജനശ്രദ്ധ ആകർഷിച്ചു.സാഹസികത ഇഷ്ടപ്പെടുന്ന വിനോദസഞ്ചാരികളെ ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ ജില്ലാ ഭരണകൂടവും ഡിടിപിസിയും കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന അകാലിയോ പാഡി ഡൈവ് സെന്ററും സംയുക്തമായാണ് വെള്ളത്തിന അടിയിലെ കാഴ്ചകൾ കാണാൻ അവസരമൊരുക്കിയത്.പ്രദർശനത്തിനു ജില്ലാ കളക്ടർ എൻ. എസ്. കെ ഉമേഷ് ആശംസകൾ അറിയിച്ചു. എറണാകുളം ദർബർ ഹാൾ ഗ്രൗണ്ടിൽ വൈകുന്നേരം മൂന്ന് മണിമുതൽ രാത്രി വരെ പ്രദർശനം നീണ്ടുനിന്നു.കേരളത്തിൽ ചെയ്യാൻ കഴിയുന്നതിൽ വച്ച് ഏറ്റവും സാഹസികമായതും എന്നാൽ ഏറ്റവും മനോഹരമായ കാഴ്ചകൾ സമ്മാനിക്കുന്നതുമായ ഒരുവിനോദമാണ് സ്കൂബ ഡൈവിംഗ്. പ്രത്യേകിച്ച് വാട്ടർ സ്പോർട്സ് വളരെയധികം മാനസിക ഉല്ലാസം തരുന്ന ഒന്നാണ്.അത് സ്വന്തം നാട്ടിൽ തന്നെ ആസ്വദിക്കാൻ കഴിയുന്നത്തിനാണ് ജില്ലാ ഭരണകൂടവും ഡി. ടി. പി. സി യും പ്രദർശനം സംഘടിപ്പിച്ചത്.ഇരുപതിനായിരം ലിറ്റർ വെള്ളത്തിൽ കൃത്രിമമായി നിർമിച്ച സ്വിമ്മിങ്പൂളിൽ വിദേശ നിർമിതമായ രണ്ട് ലക്ഷം വിലവരുന്ന സ്ക്യൂബ ഉപകരണങ്ങളാണ് സന്ദർശകർക്ക് വേണ്ടി ഒരുക്കിയിരുന്നത്. കൂടാതെ വെള്ളത്തിനടിയിലെ സ്ക്യൂബ ഡൈവിങ് കാഴ്ചകൾ പൊതുജനങ്ങൾക്ക് കാണുവാൻ ലൈവ് അണ്ടർവാട്ടർ വീഡിയോ പ്രദർശനവും ഡി. ടി. പി. സി ഒരുക്കി. നൂറോളം പേരാണ് താൽക്കാലിക നിർമ്മിത നീന്തൽ കുളത്തിലെ കാഴ്ചകൾ കാണാൻ പ്രദർശനത്തിൽ പങ്കെടുത്തത്.ജില്ലയിലെ കോളേജ് വിദ്യാർത്ഥികൾ പങ്കെടുത്ത പ്രദർശനത്തിൽ സ്വകാര്യ വിനോദ സെന്ററുകളുടെ ആഭിമുഖ്യത്തിൽ വിവിധയിനം സ്പോർട്സ് ആക്ടിവിറ്റീസ്, ആർച്ചറി, ഫൺ ഗെയിം സോൺ എന്നിവയും പ്രദർശനവുമായി ബന്ധപ്പെട്ട് ദർബാർ ഹാൾ ഗ്രൗണ്ടിൽ നടന്നു.



## ദീർഘകാല പാട്ടക്കരാറിന് സ്ഥലം ലഭ്യം

# വികസനത്തിന് തയാറെടുത്ത് കോഴിക്കോട് സർക്കാർ സൈബർപാർക്ക്



**കോഴിക്കോട്:** മലബാറിന്റെ ഐ.ടി ഭൂപട വികസനത്തിന് തയാറെടുത്ത് കോഴിക്കോട് സർക്കാർ സൈബർപാർക്ക്. നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിന് പുറമേ പുതിയ സൗകര്യങ്ങൾ ഒരുക്കാൻ തയാറെടുക്കുകയാണ് സർക്കാർ സൈബർപാർക്ക്. അതിന്റെ ഭാഗമായി സൈബർപാർക്കിൽ ലഭ്യമായ സ്ഥലത്ത് പുതിയ കെട്ടിടങ്ങൾ നിർമിക്കാൻ കോഡെവലപ്പർമാരെ ക്ഷണിച്ചു. 90 വർഷം വരെ ദീർഘിപ്പിക്കാവുന്ന മുപ്പത് വർഷത്തെ ദീർഘകാല പാട്ടക്കരാറിനാണ് സ്ഥലം ലഭ്യമാകുക. ആകെ സൈബർപാർക്കിലുള്ള 43 ഏക്കർ സ്ഥലത്തിൽ ബാക്കിയുള്ള 25 ഏക്കർ സ്ഥലമാണ് പാട്ടത്തിന് ലഭ്യമാകുന്നത്. ഇവിടെ ഐ.ടി/ ഐ.ടി.ഇ.എസ് വ്യവസായവും ഇതര വ്യവസായങ്ങളും നടത്താൻ കഴിയും. കോഴിക്കോടിന്റെ ടൂറിസം സാധ്യതകളും ലഭ്യമാകുന്ന വളരെ മികച്ച ടാലന്റ് പൂളും ഉപയോഗപ്പെടുത്താനാകുമെന്നും ഇത് കോഴിക്കോടിന്റെ ഐ.ടി വികസനത്തിന് മുതൽക്കൂട്ടാകുമെന്നുമാണ് പ്രതീക്ഷിക്കുന്നത്. 25 ഏക്കർ സ്ഥലത്തിന് പുറമേ നാല് ലക്ഷം സ്ക്വയർ ഫീറ്റ് സ്ഥലത്ത് പുതിയ ഐ.ടി കെട്ടിടം നിർമിക്കാൻ സർക്കാരിന്റെ അനുമതി ലഭ്യമായിക്കഴിഞ്ഞു. ഇതും കോഴിക്കോടേക്ക് പുതിയ ഐ.ടി കമ്പനികളെ ആകർഷിക്കാനും നിരവധി തൊഴിലവസരങ്ങൾ ഒരുക്കാനും കാരണമാകും.റിക്രിയേഷണൽ ഫെസിലിറ്റികൾ ഒരുക്കുന്നതിന്റെ ഭാഗമായി ഫുട്ബോൾ ടർഫിന്റെ നിർമാണവും സൈബർപാർക്കിൽ പുരോഗമിക്കുകയാണ്.നിലവിൽ മൂന്ന് ലക്ഷം സ്ക്വയർഫീറ്റ് ബിൽറ്റ് അപ്പ് സ്ഥലത്ത് 84 കമ്പനികളിലായി 2,100 ജീവനക്കാരുമായാണ് സർക്കാർ സൈബർപാർക്കിന്റെ പ്രവർത്തനം. 105 കോടി രൂപയായിരുന്നു അവസാന സാമ്പത്തിക വർഷത്തെ സോഫ്റ്റുവെയർ കയറ്റുമതി വരുമാനം.

# ലോക ഹൃദയദിനം: ബോധവത്കരണ പരിപാടി നടത്തി




**കൊച്ചി:** ലോക ഹൃദയദിനത്തോടനുബന്ധിച്ച് എറണാകുളം നോർത്ത് റെയിൽവേ സ്റ്റേഷനിൽ ഹൃദയാരോഗ്യത്തെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടി നടന്നു.ലിസി കോളേജ് ഓഫ് അലൈഡ് ഹെൽത്ത് സയൻസസും എറണാകുളത്തെ ലിസി ഹോസ്പിറ്റലിലെ കാർഡിയോളജി വിഭാഗവും ചേർന്നാണ് പരിപാടി സംഘടിപ്പിച്ചത്.നോർത്ത് റെയിൽവേ സ്റ്റേഷൻ മാനേജർ ബാലകൃഷ്ണ പണിക്കർ ഉദ്ഘാടനം ചെയ്തു.ഹൃദ്രോഗങ്ങൾക്ക് കാരണമാവുന്നഘടകങ്ങളും പ്രതിരോധവും സംബന്ധിച്ച് ലിസി ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ടിലെ സീനിയർ കൺസൾട്ടന്റ് കാർഡിയോളജിസ്റ്റും ക്ലിനിക്കൽ റിസർച്ച് ഡയറക്ടറുമായ ഡോ.ജാബിർ അബ്ദുള്ളക്കുട്ടി സംസാരിച്ചു.രക്തസമ്മർദ്ദം ഗ്ലൂക്കോസ് എന്നിവയ്ക്ക് പതിവ് പരിശോധനകൾ നടത്തുന്നതിനൊപ്പം മാനസിക പിരിമുറുക്കം, അമിതഭാരം, അനാരോഗ്യകരമായ ഭക്ഷണം എന്നിവ നിയന്ത്രിക്കുന്നതും നിർണ്ണായകമാണ്. ജീവിതശൈലിയിൽ അടിയന്തിര മാറ്റങ്ങൾ ഇതിന് ആവശ്യമാണ്. ആരോഗ്യകരമായ ഭക്ഷണവും നല്ല വ്യായാമവും ശീലമാക്കണം.ആരോഗ്യകരമായ ജീവിതശൈലി ഉണ്ടാവുന്നതിന് ജനങ്ങൾക്കിടയിൽ തുടർച്ചയായ ബോധവൽക്കരണ പരിപാടികൾ ആവശ്യമാണെന്ന് ലിസി കോളേജ് ഓഫ് അലൈഡ് ഹെൽത്ത് സയൻസസിലെ പ്രിൻസിപ്പൽ ഡോ.ഷബീർ എസ് ഇഖ്ബാൽ പറഞ്ഞു. ഹൃദ്രോഗ അപകടസാധ്യത കൂടിയ വരെ തിരിച്ചറിയുന്നതിന് റിസ്ക് സ്ട്രാറ്റിഫിക്കേഷൻ നടത്തേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു.ഫിറ്റ്നസ് ട്രെയ്നർ ടെന്നി ദേവസ്സി, നോർത്ത് റെയിൽവേ സ്റ്റേഷൻ ഹെൽത്ത് ഇൻസ്പെക്ടർ അരുൺ എന്നിവർ സംസാരിച്ചു.വിദ്യാർത്ഥികളുടെ ഫ്ലാഷ് മോബ് നടന്നു. ആശുപത്രി അധികൃതരും പാരാമെഡിക്കൽ വിദ്യാർത്ഥികളുംബോധവൽക്കരണ പരിപാടിയിൽ പങ്കാളികളായി.

# സിയറ്റ് ഇന്ത്യൻ സൂപ്പർക്രോസ് റേസിങ് ലീഗ് 150 കോടി നിക്ഷേപിക്കും




**കൊച്ചി:** സിയറ്റ് ഇന്ത്യൻ സൂപ്പർക്രോസ് റേസിങ് ലീഗ് അടുത്ത മൂന്ന് വർഷത്തിനുള്ളിൽ ഏകദേശം 150 കോടി രൂപയുടെ നിക്ഷേപം നടത്തുമെന്ന് പ്രഖ്യാപിച്ചു. ഇന്ത്യയിൽ ലോകോത്തര റേസിങ് ഇൻഫ്രാസ്ട്രക്ച്ചറ, താഴെത്തട്ടിലുള്ള വികസനവും ലക്ഷ്യമിട്ടാണ് നീക്കം. 2023 ഡിസംബറിൽ നടക്കാനിരിക്കുന്ന ആദ്യ സീസണിനായി തയ്യാറെടുക്കുന്ന സിയറ്റ് ഇന്ത്യൻ സൂപ്പർക്രോസ് റേസിങ് ലീഗിന്റെ രജിസ്ട്രേഷൻ തുടങ്ങിയിട്ടു്. ഇതിനകം 75 റൈഡർമാർ രജിസ്റ്റർ ചെയ്തു. 68 ടീമുകളാണ് ലീഗിന്റെ ഉദ്ഘാടന സീസണിൽ ഉാവുക.അന്താരാഷ്ട്ര റൈഡർമാർ മാത്രമായുള്ള 450 സിസി, അന്താരാഷ്ട്ര റൈഡർമാർ മാത്രമായുള്ള 250 സിസി, 250 സിസി ഇന്ത്യഏഷ്യ മിക്സ്, 85 സിസി ജൂനിയർ ക്ലാസ് എന്നിങ്ങനെ നാലു വിഭാഗങ്ങളിലായിരിക്കും ഇന്ത്യൻ സൂപ്പർക്രോസ് റേസിങ് ലീഗിന്റെ ഉദ്ഘാടന സീസണിലെ മത്സരങ്ങൾ.ഇന്ത്യയിലെ സൂപ്പർക്രോസ് റേസിങിനെ ആഗോള വേദിയിലേക്ക് എത്തിക്കാനുള്ള ഒരു ദൗത്യമാണിതെന്ന് സൂപ്പർക്രോസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ സഹസ്ഥാപകനും ഡയറക്ടറുമായ വീർ പട്ടേൽ പറഞ്ഞു

## വാർഡ്വിസാർഡ് രണ്ട് സ്വതന്ത്ര ഡയറക്ടർമാരെ നിയമിച്ചു

**കൊച്ചി:** ജോയ് ഇബൈക്ക് ബ്രാൻഡിന് കീഴിലുള്ള ഇന്ത്യയിലെ ഇലക്ട്രിക് വാഹനങ്ങളുടെ മുൻനിര നിർമാതാക്കളായ വാർഡ്വിസാർഡ് ഇന്നൊവേഷൻസ് ആൻഡ് മൊബിലിറ്റി ലിമിറ്റഡ്, ര് നോൺ എക്സിക്യൂട്ടീവ് സ്വതന്ത്ര ഡയറക്ടർമാരെ നിയമിച്ചതായി പ്രഖ്യാപിച്ചു. ഡോ. ജോൺ ജോസഫ്, ലെഫ്റ്റനന്റ് ജനറൽ ജയ് സിങ് നൈൻ (റിട്ട) എന്നിവവരുടെ നിയമനമാണ് കമ്പനി പ്രഖ്യാപിച്ചത്. മികച്ച അക്കാദമിക് പശ്ചാത്തലമുള്ള ഡോ.ജോൺ ജോസഫിന് സെൻട്രൽ എക്സൈസ്, കസ്റ്റംസിൽ 39 വർഷത്തിലേറെ പരിചയയമ്പത്തു്. ഇന്ത്യാ ഗവൺമെന്റിന്റെ സ്പെഷ്യൽ സെക്രട്ടറി, സിബിഐസിയുടെ ചെയർമാൻ/അംഗം തുടങ്ങിയ സ്ഥാനങ്ങളും വഹിച്ചിട്ടു്. ഇന്ത്യൻ ആർമിയിൽ നാല് പതിറ്റാോളം സേവനമനുഷ്ഠിച്ച വിമുക്തഭടനായ ലെഫ്റ്റനന്റ് ജനറൽ ജയ് സിങ് നൈൻ, ഇന്ത്യൻ ആർമി വിഷൻ 2050ന്റെ കരട് തയ്യാറാക്കലിലും, പൂനെയിൽ ആദ്യത്തെ റീജിയണൽ ടെക്നോളജി നോഡ് സ്ഥാപിക്കുന്നതിലുമുൾപ്പെടെ നിർണായക പങ്ക് വഹിച്ചിട്ടു്.വാർഡ്വിസാർഡ് ഇന്നൊവേഷൻസ് ആൻഡ് മൊബിലിറ്റി ലിമിറ്റഡിന്റെ സ്വതന്ത്ര ഡയറക്ടർമാരായി ഡോ.ജോൺ ജോസഫിനെയും റിട്ട.ലെഫ്റ്റനന്റ് ജനറൽ ജയ് സിങ് നൈനെയും സ്വാഗതം ചെയ്യുന്നതിൽ തങ്ങൾക്ക് അഭിമാനമുണ്ടെന്ന്, നിയമനങ്ങളെക്കുറിച്ച് സംസാരിച്ച വാർഡ്വിസാർഡ് ഇന്നൊവേഷൻസ് ആൻഡ് മൊബിലിറ്റി ലിമിറ്റഡിന്റെ ചെയർമാനും മാനേജിങ് ഡയറക്ടറുമായ യതിൻ ഗുപ്തെ പറഞ്ഞു.

## റിലയൻസ് ജിയോയ്ക്ക് ജൂലൈയിൽ 3.9 ദശലക്ഷം പുതിയ ഉപയോക്താക്കൾ

**കൊച്ചി:** ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യയുടെ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം ജൂലൈയിൽ റിലയൻസ് ജിയോ ഇന്ത്യൻ ടെലികോം വിപണിയിൽ 3.9 ദശലക്ഷം പുതിയ ഉപയോക്താക്കളെ നേടിയതായി റിലയൻസ് ജിയോ അധികൃതർ വ്യക്തമാക്കി.ജൂലൈയിൽ ലാൻഡ്ലൈൻ കണക്ഷനുകളുടെ 10 ദശലക്ഷം മറികടന്നു, മുൻ മാസത്തെ 9.95 ദശലക്ഷത്തിൽ നിന്ന്. ഇപ്പോൾ, ഇന്ത്യയിലെ 30.6 ദശലക്ഷം ശക്തമായ ലാൻഡ്ലൈൻ വിപണിയിലെ ഓരോ മൂന്ന് കണക്ഷനുകളിൽ ഒന്ന് ജിയോയുടെ സേവനം നൽകുന്നു.ജൂലൈയിൽ ജിയോയുടെ വരിക്കാരുടെ വിപണി വിഹിതം 38.6 ശതമാനവും എയർടെല്ലിന് 32.7 ശതമാനവുമാണ്. ഢശയുടെ വിപണി വിഹിതം 20 ശതമാനത്തിൽ കുറഞ്ഞു , ജൂലൈയിൽ 19.9 ശതമാനം രേഖപ്പെടുത്തി.സർക്കാർ ഉടമസ്ഥതയിലുള്ള ഓപ്പറേറ്റർമാരായ ബിഎസ്എൻഎൽ, എംടിഎൻഎൽ എന്നിവയ്ക്ക് യഥാക്രമം 1.4 ദശലക്ഷം, 33,623 വയർലെസ് ഉപഭോക്താക്കളെ നഷ്ടപ്പെട്ടു.ജൂലൈയിൽ ഇന്ത്യയിലെ മൊത്തത്തിലുള്ള മൊബൈൽ ഫോൺ കണക്ഷനുകളുടെ എണ്ണം 2.67 ദശലക്ഷം വർദ്ധിച്ചു, ജൂണിലെ 0.37 ദശലക്ഷവുമായി താരതമ്യം ചെയ്യുമ്പോൾ പുതിയ ഉപയോക്താക്കളുടെ എണ്ണത്തിൽ നിന്ന് ഗണ്യമായ വർധനവാണിത് .

# ജിടെക് മാരത്തൺ രണ്ടാം ലക്കം ഫെബ്രുവരി 11 ന് കൊച്ചിയിൽ

**സേ നോ ടു ഡ്രഗ്സ് എന്നാണ് കൊച്ചി മാരത്തണിൻറെ പ്രമേയം**
**വിവിധ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ, ഐടി പ്രൊഫഷണലുകൾ, കേന്ദ്രസംസ്ഥാന സർക്കാർ ജീവനക്കാർ, പ്രതിരോധ സേനാംഗങ്ങൾ, കോർപറേറ്റ് മേഖലയിലെ ജീവനക്കാർ തുടങ്ങിയവർ പങ്കെടുക്കും**

**കൊച്ചി:** കേരളത്തിലെ ടെക്നോളജി കമ്പനികളുടെ വ്യവസായിക സംഘടനയായ ഗ്രൂപ്പ് ഓഫ് ടെക്നോളജി കമ്പനീസ്(ജിടെക്) സംഘടിപ്പിക്കുന്ന സംസ്ഥാനത്തെ ഏറ്റവും വലിയ മാരത്തൺ മത്സരം കൊച്ചിയിൽ സംഘടിപ്പിക്കുന്നു. 2024 ഫെബ്രുവരി 11 നാണ് നാലായിരത്തോളം പേർ പങ്കെടുക്കുന്ന മാരത്തൺ ഓട്ടമത്സരം നടക്കുന്നത്. ലഹരിമുക്ത കേരളമെന്ന പ്രമേയത്തിൽ നടക്കുന്ന മാരത്തോൺ, ലഹരിക്കെതിരായി സംസ്ഥാന സർക്കാർ നടത്തുന്ന പ്രവർത്തനങ്ങളെ പിന്തുണക്കുന്നതാണ്.വിവിധ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ, ഐടി പ്രൊഫഷണലുകൾ, കേന്ദ്രസംസ്ഥാന സർക്കാർ ജീവനക്കാർ, പ്രതിരോധ സേനാംഗങ്ങൾ, കോർപറേറ്റ് മേഖലയിലെ ജീവനക്കാർ തുടങ്ങിയവർ വലിയതോതിൽ ഇതിൽ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.സംസ്ഥാനത്തെ ഒരു ലക്ഷത്തോളം വരുന്ന ഐടി പ്രൊഫഷണലുകൾക്ക് സമൂഹനന്മയെക്കരുതിയുള്ള ലക്ഷ്യത്തിന് വേി ഒന്നിച്ചു ചേരാനുള്ള അവസരമാണിതെന്ന് ജിടെക് ചെയർമാൻ വി കെ മാത്യൂസ് പറഞ്ഞു. സേ നോ ടു ഡ്രഗ്സ് എന്നാണ് കൊച്ചി മാരത്തണിൻറെ പ്രമേയം. വിദ്യാലയങ്ങൾ, ഐടി പാർക്കുകൾ എന്നിവ കേന്ദ്രീകരിച്ച് യുവാക്കളെ ബോധവത്കരിക്കുകയാണ് ഈ മാരത്തണിലൂടെ ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.തിരുവനന്തപുരത്ത് നടന്ന ജിടെക് മാരത്തണിൻറെ ഒന്നാം ലക്കത്തിൽ മൂവായിരത്തിലധികം പേരാണ് പങ്കെടുത്തത്. ആയിരത്തിലധികം സ്ത്രീകളും നൂറിലധികം കുട്ടികളും പങ്കെടുത്തു. 3 കി.മി, 10 കി.മി, 21 കി.മി ദൂര വിഭാഗത്തിലാണ് മാരത്തൺ നടത്തുന്നത്.സംസ്ഥാനത്തെ 80 ശതമാനം ഐടി ജീവനക്കാരും ജോലിയെടുക്കുന്ന 300 ലധികം ഐടി കമ്പനികളുടെ കൂട്ടായ്മയാണ് ജിടെക്. ടിസിഎസ്, ഇൻഫോസിസ്, വിപ്രോ, കോഗ്നിസെൻറ്, ഐബിഎസ് സോഫ്റ്റ് വെയർ, ടാറ്റ എൽക്സി, ക്വെസ്റ്റ്, അലിയൻസ്, യുഎസ്ടി, ഇവൈ തുടങ്ങി ടെക്നോപാർക്ക് തിരുവനന്തപുരം, ഇൻഫോപാർക്ക് കൊച്ചി, സൈബർ പാർക്ക് കോഴിക്കോട് എന്നിവിടങ്ങളിൽ നിന്നുള്ള ചെറുകിട ഐടി കമ്പനികൾ വരെ ജിടെകിൽ അംഗങ്ങളാണ്.

# മെട്രോസ്റ്റേഷനുകളിൽ എ.ഇ.ഡി മെഷീനുകൾ സ്ഥാപിക്കുന്നു

**കൊച്ചി:** കൊച്ചിയുടെ മാറുന്ന മുഖത്തിന്റെ മുദ്രയായ കൊച്ചി മെട്രോ റെയിൽ ഈ വരുന്ന ലോക ഹൃദയ ദിനം മുതൽ പൊതുജനങ്ങൾക്കായി മറ്റൊരു സേവനം കൂടി നൽകുവാൻ സജ്ജമാവുകയാണ്.സ്റ്റേഷനുകളിൽ Automated External Defibrillator (AED) മെഷീൻ സ്ഥാപിക്കുന്നത് വഴി ഹൃദയസംബന്ധമായ അത്യാഹിതങ്ങൾ കൈകാര്യം ചെയ്യുന്നതിനായി സജ്ജമായിരിക്കുകയാണ് കൊച്ചി മെട്രോ. കെ.എം.ആർ.എൽ മാനേജിങ്ങ് ഡയറക്ടർ ലോക്നാഥ് ബെഹ്റ ലോക ഹൃദയ ദിനത്തിൽ ആദ്യത്തെ മെഷീൻ ജെഎൻഎൽ സ്റ്റേഡിയം സ്റ്റേഷനിൽ ഉച്ചയ്ക്ക് 12.30ന് അനാച്ഛാദനം ചെയ്യും. ഹൈബി ഈഡൻ എം.പി ചടങ്ങിൽ മുഖ്യാതിഥിയായിരിക്കും. Awareness Programmes and Public Education Cetnre (APEC) എന്ന സംഘടനയുമായി ചേർന്നാണ് കെ.എം.ആർ.എൽ ഈ പദ്ധതി നടപ്പിലാക്കുന്നത്. ആദ്യഘട്ടത്തിൽ 10 മെട്രോ സ്റ്റേഷനിലും രണ്ട് വാട്ടർ മെട്രോ ടെർമിനലിലുമായിരിക്കും മെഷീൻ സ്ഥാപിക്കുന്നത്. തുടർന്ന് കൊച്ചി മെട്രോയുടെ എല്ലാ സ്റ്റേഷനുകളിലും ഇത് സ്ഥാപിക്കും. ഇതിനോടനുബന്ധിച്ച് കെ.എം.ആർ.എല്ലിന്റെസ്റ്റേഷനുകളിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും എ.ഇ.ഡി മെഷീൻ ഉപയോഗിക്കാൻ വേണ്ട പരിശീലനവും നൽകുന്നതാണ്.

# ഹോണ്ട ഇന്ത്യ ടാലന്റ് കപ്പ് എൻഎസ്എഫ്250ആർ: നാലാം റൗണ്ടിന് സജ്ജരായി ഹോണ്ട റേസിങ് ഇന്ത്യ ടീം



**കൊച്ചി:** ഐഡിമിത്സു ഹോണ്ട ഇന്ത്യ ടാലൻറ് കപ്പ് എൻഎസ്എഫ്250ആർ 2023 സീസണിൻറെ നാലാം റൗണ്ടിന് പൂർണ സജ്ജരായി ഹോണ്ട റേസിങ് ഇന്ത്യ ടീം. ചെന്നൈയിലെ മദ്രാസ് ഇൻറർനാഷണൽ സർക്യൂട്ടിൽ (എംഐസി) മൂന്നാം റൗണ്ടിനായി ഒരുങ്ങുമ്പോൾ ട്രാക്കുകളിൽ തീപ്പൊരി പടർത്താൻ പ്രത്യേകം നിർമിച്ച ഹോണ്ട എൻഎസ്എഫ്250ആർ മോട്ടോർസൈക്കിളുകളുമായി 14 യുവറൈഡർമാരും തയാറെടുത്തു കഴിഞ്ഞു.നിർഭാഗ്യകരമായ സംഭവങ്ങളെ തുടർന്ന് ചാമ്പ്യൻഷിപ്പിൻറെ മൂന്നാം റൗണ്ട് മത്സരങ്ങൾ താൽക്കാലികമായി നിർത്തിവച്ചിരുന്നു. അതേസമയം രണ്ടാം റൗണ്ടിലെ ഫൈനൽ റേസിൽ തൻറെ വൈദഗ്ധ്യം പ്രകടമാക്കിയ ശ്യാം സുന്ദർ ഒന്നാം സ്ഥാനത്ത് ഫിനിഷ് ചെയ്തു. എ. എസ് ജെയിംസ്, റഹീഷ് ഖത്രി എന്നിവരായിരുന്നു യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളിൽ. നാലാം റൗണ്ടിൽ യുവ റൈഡർമാരുടെ ഇഞ്ചോടിഞ്ച് പോരാട്ടമാണ് മദ്രാസ് മോട്ടോർ റേസ് ട്രാക്ക് പ്രതീക്ഷിക്കുന്നത്. സെപ്റ്റംബർ 30, ഒക്ടോബർ 1 തീയതികളിൽ ഹോണ്ട റേസിങ് ഇന്ത്യയുടെ ഫേസ്ബുക്ക് ഇൻസ്റ്റാഗ്രാം പേജുകളിൽ ഐഡിമിത്സു ഹോണ്ട ഇന്ത്യ ടാലൻറ് കപ്പ് മത്സരം തത്സമയം കാണാം.തങ്ങളുടെ യുവ റൈഡർമാരുടെ കൃത്യതയ്ക്കും വേഗതയ്ക്കും സാക്ഷ്യം വഹിയ്ക്കാൻ ആവേശഭരിതരാണെന്ന് ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യയുടെ സെയിൽസ് ആൻഡ് മാർക്കറ്റിങ് ഹെഡ് യോഗേഷ് മാത്തൂർ പറഞ്ഞു. റൈഡർമാർ ഈ വാരാന്ത്യത്തിൽ തങ്ങളുടെ നിശ്ചയദാർഢ്യവും റൈഡിംഗ് വൈദഗ്ധ്യവും പ്രകടിപ്പിക്കാൻ തയ്യാറാണ്. ഈ റൗണ്ടിനുള്ള എല്ലാ റൈഡർമാരുടെയും കഴിവുകളിൽ തങ്ങൾക്ക് തികഞ്ഞ വിശ്വാസമുണ്ട്, ഒരു മികച്ച പ്രകടനത്തിനായി തങ്ങൾ കാത്തിരിക്കുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288, Kerala.E-mail-societytodaynews@gmail.com